ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/41264/2024-VIGB1 തീയതി: 20-04-2025

## കുറ്റാരോപണ പത്രിക

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്ത് മൂന്നാം തരം ഓവർസിയർ ശ്രീമതി സുജ ജെ.വി ക്കെതിരായ ആരോപണങ്ങൾ.

1. പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിൽ മൂന്നാംതരം ഓവർസിയറായി സേവനത്തിലിരിക്കെ 25/10/2023 തിയതി മുതൽ 30/09/2028 തിയതി വരെ KSR ഭാഗം- I Appendix XII C പ്രകാരമുള്ള ശൂന്യവേതനാവധിയ്ക്കായി 25-10-2023 തീയതിയിൽ താങ്കൾ അവധി അപേക്ഷ സമർപ്പിക്കുകയും എന്നാൽ അവധി അനുവദിക്കുന്നതിനു മുൻപായി 25-10-2023 തീയതി മുതൽ താങ്കൾ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച നടപടി സർവീസ് ചട്ടങ്ങളുടെ ലംഘനവും, ഗുരുതരമായ അച്ചടക്കലംഘനവും, കൃത്യവിലോപവും ആണ്.

2. കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം-1, ചട്ടം 65 ൽ അവധി ഒരു ജീവനക്കാരൻെറ അവകാശമല്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം-1, ചട്ടം 113 ൽ ജീവനക്കാരൻ അവധിയിൽ പ്രവേശിക്കുമ്പോൾ ഫോറം നമ്പർ 13 ൽ അവധി അപേക്ഷ സമർപ്പിക്കണമെന്നും അവധി അനുവദിക്കുന്ന അധികാരി ആയതു അംഗീകരിക്കേണ്ടതായിട്ടും നിഷ്കർഷിച്ചിട്ടുണ്ട്. താങ്കളുടെ കാര്യത്തിൽ അവധി അംഗീകരിച്ചു ഉത്തരവാകാതെ താങ്കൾ അനധികൃതമായ അവധിയിൽ പോയിട്ടുള്ളതാണ്. കൂടാതെ സർക്കാരിൻെറ 03/06/2008 ലെ G.O(P) NO:233/08/FIN നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് വിദേശ സന്ദർശനത്തിന് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം സർക്കാർ അനുമതി ആവശ്യമില്ലാത്ത സംഗതികളിലും അവധി അനുവദിക്കുന്ന അധികാരിയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണം എന്നും അപ്രകാരമല്ലാത്ത അവധി അനധികൃതമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ താങ്കൾ ലംഘിച്ചിരിക്കുന്നു.

മേൽ പരാമർശിച്ച പ്രകാരം ചട്ടലംഘനത്തിനും കൃത്യവിലോപത്തിനും ഉത്തരവാദിയാണെന്ന് കണ്ട് താങ്കൾക്ക് ഈ കുറ്റപത്രം നൽകുന്നു.

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

കുറ്റപത്രത്തിന് ആധാരമായ രേഖ:

1. പത്തനംതിട്ട ജില്ലാജോയിൻ്റ് ഡയറക്ടറുടെ 04/03/2024 തിയതിയിലെ LSGD/JD/PTA/4349/2023 B5 നമ്പർ റിപ്പോർട്ട്
2. ഈ ഓഫീസിലെ LSGD/PD/43459/2024-DEB2 നമ്പർ ഫയൽ നോട്ട്